"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

പരിസ്ഥിതി വകുപ്പ് - 2026-27 സാമ്പത്തിക വർഷത്തിൽ "2406-02-188-99-31 നോൺ പ്ലാൻ സാലറി' ശീർഷകത്തിൽ നിന്നും കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന് ഒന്നാം ഗഡു അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**പരിസ്ഥിതി (എ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2026/ENVT തീയതി,തിരുവനന്തപുരം, 10-04-2026

---

പരാമർശം:- കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 06/04/2026 തീയതിയിലെ എ2/264/2025/കെ.എസ്.ബി.ബി നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിലെ ജീവനക്കാർക്ക് ശമ്പളം നൽകുന്നതിനായി 50,52,263/- രൂപ (അമ്പത് ലക്ഷത്തി അമ്പത്തി രണ്ടായിരത്തി ഇരുന്നൂറ്റി അറുപത്തി മൂന്ന് രൂപ മാത്രം) അനുവദിക്കണമെന്ന് കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശ കത്ത് പ്രകാരം ശുപാർശ ചെയ്തിരുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷത്തിൽ, "2406-02-188-99-31 നോൺ പ്ലാൻ സാലറി" ശീർഷകത്തിൽ നിന്നും കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡിന് ഒന്നാം ഗഡുവായ 27.50 ലക്ഷം രൂപ (ഇരുപത്തിയേഴ് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) ചുവടെ ചേർക്കുന്ന വ്യവസ്ഥകൾക്ക് വിധേയമായി അനുവദിച്ച് ഉത്തരവാകുന്നു:

1. പ്രസ്തുത തുക ട്രഷറി STSB അക്കൗണ്ടിൽ (non plan bearing) അല്ലാതെ ബാങ്കുകളിലോ മറ്റു ധനകാര്യ സ്ഥാപനങ്ങളിലോ നിക്ഷേപിക്കുവാൻ പാടില്ല.
2. 29/08/2009-ലെ സർക്കുലർ നം.75/09/ധനത്തിലെയും 09/12/2008-ലെ സർക്കുലർ നമ്പർ 84/2008/ധനത്തിലെയും വ്യവസ്ഥകൾ കൃത്യമായി പാലിക്കേണ്ടതാണ്.
3. അനുവദിച്ച തുകയുടെ വിശദമായ ചെലവ് പത്രികയും 09/01/2020 ലെ സ.ഉ.(കൈ) നം.

04/2020/ ധന പ്രകാരമുള്ള ധന വിനിയോഗ സർട്ടിഫിക്കറ്റും തുടർന്നുള്ള റിലീസിന് മുൻപ് ധനവകുപ്പിന് സമർപ്പിക്കേണ്ടതാണ്.

4. വർഷാവസാനം വിനിയോഗിക്കുവാൻ സാധിക്കാതെ വരുന്ന തുക സർക്കാർ അക്കൗണ്ടിലേക്ക് തിരിച്ചടക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സീറാം സാംബശിവ റാവു ഐ എ എസ്

സ്പെഷ്യൽ സെക്രട്ടറി

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യ ബോർഡ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ/ ഓഡിറ്റ്), കേരളം

ധനകാര്യ (പി. യു. സി) വകുപ്പ് (No.3476946-PU-C2/65/2026/FIN)

ഡയറക്ടർ, ഇൻഫർമേഷൻ പബ്ലിക് റിലേഷൻസ് (വെബ് &ന്യൂ മീഡിയ) വകുപ്പ്

(ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ /ഓഫീസ് കോപ്പി (No.ENVT-A1/112/2026-ENVT)

ഉത്തരവിൻ പ്രകാരം

**Signed by Royi J**

സെക്ഷൻ ഓഫീസർ **Date: 10-04-2026 10:54:35**